**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5302** **21-03-2025 - ൽ മറുപടിയ്ക്ക്**

**ഗതാഗത മേഖലയിലെ ഡിജിറ്റലൈസേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഗതാഗതമേഖലയിൽ പൊതുഗതാഗത രംഗത്ത് ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തിയ ഡിജിറ്റലൈസേഷൻ നടപടി എന്തെല്ലാം ഗുണപരമായ മാറ്റങ്ങളാണ് ഉളവാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (എ) | പൊതുഗതാഗത രംഗത്ത് ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തിയ പ്രധാന ഡിജിറ്റലൈസേഷൻ പദ്ധതിയാണ് VLTD (Vehicle Location Tracting Device) സംവിധാനം. എല്ലാ പൊതുഗതാഗത വാഹനങ്ങളിലും VLTD സംവിധാനവും എമർജൻസി ബട്ടണും ഘടിപ്പിക്കേണ്ട പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പൊതുജന സുരക്ഷ ഉറപ്പാക്കുന്നതിനായി നിയമാനുസരണമുള്ള മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് പരിശോധിക്കാൻ കഴിയുന്നു. വാഹനങ്ങളുടെ സഞ്ചാരഗതി, സഞ്ചാരവേഗം എന്നിവ ജി.പി.എസ് സംവിധാനം മുഖേന ലഭ്യമാക്കാനാവുന്നു. യാത്രക്കിടയിൽ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുകൾ നേരിട്ടാൽ എമർജൻസി ബട്ടൺ ഉപയോഗിച്ച് കൺട്രോൾ റൂമിലേക്ക് അലർട്ട് നൽകാൻ കഴിയും. |
| (ബി) | സ്മാർട്ട് സിഗ്നൽ സംവിധാനങ്ങൾ, എ.ഐ. അധിഷ്ഠിത ട്രാഫിക് മാനേജ്മെന്റ് എന്നിവ നടപ്പിലാക്കാൻ ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | കൊച്ചി സിറ്റി പോലീസ്, ജില്ലയിൽ Intelligent Traffic Management System (ITMS) നടപ്പാക്കുന്നതിന്റെ ഭാഗമായി Cochin Smart Mission Ltd. (CSML) നഗരത്തിൽ 21 ജംഗ്ഷനുകളിൽ സിഗ്നൽ ലൈറ്റുകളും, വയലേഷൻ ഡിറ്റക്ഷൻ ക്യാമറകളും സ്ഥാപിച്ച് പ്രവർത്തിപ്പിച്ച് വരുന്നുണ്ട്. കൂടാതെ തിരുവനന്തപുരം നഗരത്തിൽ Smart City പദ്ധതിയുടെ ഭാഗമായി Intelligent Traffic Management System (ITMS) പൂർത്തിയായി വരുന്നു.<br><br>തൃശ്ശൂർ സിറ്റി പോലീസ്, ജില്ലയിൽ ദേശീയ പാത 544 - ൽ പാലിയേക്കര മുതൽ വാണിയമ്പാറ വരെയുള്ള 33 കിലോമീറ്റർ പരിധിയിൽ AI Camera, Speed Violation Camera, Signal violation camera, |

| | | | |
|---|---|---|---|
| | | | Camera Control Room എന്നിവ ഉൾപ്പെട്ടിട്ടുള്ള 'സേഫ് കോറിഡോർ' എന്ന പേരിലുള്ള 1,82,18,020/- രൂപയുടെ പദ്ധതി കേരള റോഡ് സുരക്ഷാ അതോറിറ്റി അംഗീകരിച്ചിട്ടുള്ളതും ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയുമാണ്. പാലിയേക്കര മുതൽ വാണിയമ്പാറ വരെയുള്ള ഏകദേശം 33 കിലോമീറ്റർ റോഡിൽ NH 544-ന്റെ പരമാവധി സുരക്ഷ ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം അപകടങ്ങളും ഗതാഗത തടസ്സങ്ങളും ഒഴിവാക്കുന്നതിനും കുറ്റകൃത്യങ്ങൾ തടയുന്നതിനും നിരീക്ഷണം നടത്തുന്നതിനും പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും ഈ പ്രോജക്റ്റ് സഹായകരമാകും. |
| (സി) | കെ.എസ്.ആർ.ടി.സി., സ്വകാര്യബസ്സുകൾ, ടാക്സികൾ എന്നിവയിൽ മൊബൈൽ ആപ്ലിക്കേഷൻ വഴിയുള്ള ടിക്കറ്റ് ബുക്കിംഗ് സംവിധാനം വ്യാപകമാക്കാൻ എന്തെങ്കിലും പുതിയ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (സി) | കെ.എസ്.ആർ.ടി.സി., സ്വകാര്യബസ്സുകൾ, ടാക്സികൾ എന്നിവയിൽ അവരുടേതായ മൊബൈൽ ആപ്ലിക്കേഷൻ വഴിയുള്ള ടിക്കറ്റ് ബുക്കിംഗ് സംവിധാനം നിലവിലുണ്ട്. മൊബൈൽ ആപ്ലിക്കേഷൻ വഴിയുള്ള ബുക്കിംഗ് സംവിധാനം മോട്ടോർ വാഹന വകുപ്പ് രൂപീകരിച്ചിട്ടില്ല. |
| (ഡി) | സാരഥി, വാഹൻ എന്നീ ഓൺലൈൻ പോർട്ടലുകൾ വഴിയുള്ള ലൈസൻസ്, വാഹന രജിസ്ട്രേഷൻ എന്നിവയുടെ ഡിജിറ്റലൈസേഷൻ എത്രത്തോളം വിജയകരമാണെന്ന് വ്യക്തമാക്കുമോ; | (ഡി) | സാരഥി, വാഹൻ എന്നി ഓൺലൈൻ പോർട്ടലുകൾ വഴി ലൈസൻസ്, വാഹന രജിസ്ട്രേഷൻ എന്നിവയുടെ സേവനങ്ങൾ ഡിജിറ്റലൈസേഷൻ ചെയ്തതുവഴി പൊതുജനങ്ങൾക്ക് പ്രസ്തുത സേവനങ്ങൾക്കായുള്ള അപേക്ഷകളിൽ സ്വന്തമായി ഫീസ് ഒടുക്കുന്നതിനും, അപേക്ഷയുടെ സ്ഥിതി മനസ്സിലാക്കുന്നതിനും, സ്വന്തമായി പ്രിന്റ് എടുക്കുന്നതിനും സാധ്യമായിട്ടുണ്ട്. |
| (ഇ) | ഡ്രൈവിംഗ് ലൈസൻസ് പുതുക്കൽ, വാഹന ഇൻഷുറൻസ് അടയ്ക്കൽ തുടങ്ങിയ സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ വഴി ലഭ്യമാക്കുന്നതിലുള്ള വെല്ലുവിളികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ? | (ഇ) | ഡ്രൈവിങ് ലൈസൻസ് പുതുക്കുന്നത് പൂർണ്ണമായും ഓൺലൈൻ വഴി ലഭ്യമാക്കുന്നതിലൂടെ ചില അപേക്ഷകളിൽ സാങ്കേതിക പ്രശ്നങ്ങൾ നേരിടുന്നതൊഴികെ നിലവിൽ മറ്റു വെല്ലുവിളികൾ നേരിടുന്നില്ല. |

സെക്ഷൻ ഓഫീസർ